(എഫ്) കംപ്യൂട്ടർ വൽക്കരണം നിലവിൽ വരുന്നതോടെ ട്രഷറിക ളുടെ ജോലിഭാരം കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**17 (*351) മണ്ണ് സംരക്ഷണം**

ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണ് സംരക്ഷണ പ്രവൃത്തികൾ നടത്തുന്നതിനുള്ള നടപടിക്രമ ങ്ങൾ എന്തൊക്കെയാണ്;

(ബി) അധികാര വികേന്ദ്രീകരണം നടത്തിയപ്പോൾ ത്രിതല പഞ്ചായ ത്തുകൾക്ക് ഇത്തരം പ്രവൃത്തികൾ നടത്തുന്നതിനുള്ള അധികാരം നൽകിയി ട്ടുണ്ടോ; എങ്കിൽ പഞ്ചായത്തുകൾക്ക് ഇതിനാവശ്യമായ ഫണ്ട് നല്കിയി ട്ടുണ്ടോ;

(സി) ജനകീയാസൂത്രണ പദ്ധതിയിൽ ഇത്തരം പ്രവൃത്തികൾ ഉൾക്കൊള്ളിച്ചിട്ടുണ്ടോ;

(ഡി) പല പഞ്ചായത്തുകളിലും സോയിൽ കൺസർവേഷൻ പ്രവൃത്തികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച വിവരങ്ങൾ അറിയുന്നില്ലാ എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതേപ്പറ്റി അന്വേഷണം നടത്തുന്നതിന് തയ്യാറാകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : (എ) മണ്ണു സംരക്ഷണ പ്രവർത്തനങ്ങൾ വാട്ടർഷെഡ് അടിസ്ഥാനത്തിൽ നടപ്പാക്കുന്ന തിന് ഭൂമിയുടെ കിടപ്പ്/ചരിവ് നാശനഷ്ടങ്ങളുടെ അളവ്, മണ്ണു സംരക്ഷണ പ്രവർത്തനങ്ങളുടെ തോത്, രീതി, എന്നിവ അടിസ്ഥാനമാക്കി പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നു. രൂപരേഖയ്ക്ക് പഞ്ചായത്ത്/സർക്കാർ/ജില്ലാ കള ക്ടർ ഭരണാനുമതി നൽകണം. സാങ്കേതിക ഉദ്യോഗസ്ഥന്മാരുടെ സാങ്കേതിക അനുമതി ലഭിക്കണം. അംഗീകാരം ലഭിച്ച പദ്ധതി സാങ്കേതിക ഉദ്യോഗസ്ഥ ന്മാരുടെ മേൽനോട്ടത്തിൽ അതത് ഭൂവുടമ നേരിട്ട് നടപ്പിലാക്കുന്നു. ഭൂവുടമ കൾക്ക് നേരിട്ട് നടത്താൻ ബുദ്ധിമുട്ടുണ്ടെങ്കിൽ മറ്റ് ഏജൻസിയെ ഏല്പിക്കാം. മണ്ണു സംരക്ഷണ പ്രവർത്തനങ്ങളുടെ വിവിധ പ്രോഗ്രാമുകളായ കോണ്ടൂർ ബണ്ട്, കോണ്ടൂർ ട്രഞ്ച്, സ്റ്റാഗേർഡ് ട്രഞ്ച്, റീടൈനിങ്ങ് വാൾ, ചെക്ക് ഡാം നീർക്കുഴി നിർമ്മിക്കൽ, സസ്യാവരണ ചെടികൾ വച്ചു പിടിപ്പിക്കൽ എന്നിവ ഏകോപിപ്പിച്ച് പദ്ധതിയുടെ അടങ്കൽ രൂപരേഖ തയ്യാറാക്കി ഭരണാനുമതിയും സാങ്കേതികാനുമതിയും നേടിയ ശേഷം ഭൂമിക്കനുസൃതമായി പ്രോഗ്രാം നട ത്തിയശേഷം പദ്ധതി പണികളുടെ അളവെടുത്ത് തിട്ടപ്പെടുത്തി ഭൂവുടമ കൾക്ക് നൽകുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**18 (*352) ബസ് സ്റ്റേഷൻ നവീകരണം**

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാ ഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly